بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 05.03.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്‌ബയുടെ സംഗ്രഹം***

## ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ) - ഭാഗം(5)

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝٢ الرَّحْمٰنِ الرَّحِيْمِ ۝٣ مٰلِكِ يَوْمِ الدِّيْنِ ۝٤ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝٥

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝٦ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ۬ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝٧

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) പറഞ്ഞു:

ഹദ്റത്ത് ഉസ്മാൻ(റ)നെതിരെ ഉണ്ടായിരുന്ന ഫിത്നയെ കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: മുഹമ്മദ് ബിൻ അബൂബക്കർ, മുഹമ്മദ് ബിൻ ഹുദൈഫ, അമ്മാർ ബിൻ യാസിർ എന്നീ മൂന്നു പേരാണ് പ്രക്ഷോഭകാരികളുടെ വലയിൽ വീണതും അവരുമായി ചേർന്നതും. അവരെ കൂടാതെ മദീനാവാസികളായ സ്വഹാബാക്കളോ, ഇതര മുസ്ലീങ്ങളോ വിദ്രോഹികളോട് സമഭാവന വച്ചു പുലർത്തിയിരുന്നില്ല. എല്ലാവരും അവരെ ശപിക്കുകയും അപലപിക്കുകയും ചെയ്തിരുന്നു. ഇരുപതു ദിവസങ്ങൾ ഇവർ നാവുകൊണ്ടു മാത്രം പ്രയ്ത്നിച്ചു കൊണ്ടിരുന്നു. അതായത് ഈ വിരോധികൾ ഹദ്റത്ത് ഉസ്മാൻ ഖിലാഫത്ത് സ്ഥാനം വിട്ടൊഴിയാനായി ആവതും ശ്രമങ്ങൾ നടത്തി. എന്നാൽ ഹദ്റത്ത് ഉസ്മാൻ സ്പഷ്ടമായ നിലയിൽ നിരാകരിക്കുന്നു. എന്നിട്ട് പറഞ്ഞു: അല്ലാഹു തആല എന്നെ അണയിച്ച ഈ മേലങ്കി എനിക്ക് ഒരിക്കലും അഴിക്കാനാകില്ല. മുഹമ്മദ്(സ)ന്റെ സമുദായത്തെ ഇപ്രകാരം ആർക്കും തോന്നും പോലെ ആരുടേയും മേൽ ആക്രമണം നടത്താമെന്ന സ്ഥിതിയിൽ നിരാലംബരായി ഉപേക്ഷിക്കാനും എനിക്ക് സാധിക്കില്ല. അവരോട് ഈ അനർഥത്തിൽ നിന്നും വിട്ടു നില്ക്കാൻ ഉപദേശിക്കുകയും ഇന്ന് കുഴപ്പങ്ങൾ സൃഷ്ടിക്കുകയും എന്റെ ജീവിതം ദുസ്സഹമായി കരുതുകയും ചെയ്യുന്ന ഇവർ തന്നെ ഞാൻ ഇല്ലാതായാൽ ആഗ്രഹിക്കുക, ഉസ്മാന്റെ ജീവിതത്തിലെ ഓരോ ദിനങ്ങളും ഓരോ വർഷങ്ങളായി മാറിയിരുന്നെങ്കിൽ അതു പോലെ, അദ്ദേഹം ഞങ്ങളെ ഇത്രവേഗം വിട്ടുപോയിരുന്നില്ലെങ്കിൽ ഹാ! എത്ര നന്നായേനേ എന്നായിരിക്കും. കാരണം എനിക്കു ശേഷം കൊടിയ രക്തച്ചൊരിച്ചിലുണ്ടാകും. അവകാശധ്വംസനങ്ങൾ അരങ്ങേറും. വ്യവസ്ഥിതി തകിടം മറിയും. അങ്ങനെ ബനു ഉമയ്യയുടെ കാലഘട്ടത്തിൽ ഖിലാഫത്ത് ഭരണകൂടമായി മാറി. ആ ദ്രോഹികൾ തങ്ങളുടെ എല്ലാ ദ്രോഹബുദ്ധികളും മറന്നു പോകും വിധം അവർക്ക് ശിക്ഷ ലഭിച്ചു. എന്തായാലും ആ വിരോധികളും വിദ്രോഹികളുമായവർക്ക് ഇരുപത് നാളുകൾക്കുശേഷം ചിന്ത വന്നു. പെട്ടെന്നുതന്നെ എന്തെങ്കിലും തീരുമാനമെടുക്കണം. അല്ലെങ്കിൽ ഓരോ സ്റ്റേറ്റിൽ നിന്നും പട്ടാളം വരാനും നമുക്ക് നമ്മുടെ കർമങ്ങൾക്കുള്ള ശിക്ഷ ലഭിക്കാനും തുടങ്ങും. അതുകൊണ്ട് അവർ ഹദ്റത്ത് ഉസ്മാനെ വീട്ടുത്തടങ്കലിലാക്കി. ഭക്ഷണ പാനീയങ്ങൾ വീട്ടിലേക്ക് പോകുന്നതും വിലക്കി. ഇത്തരുണത്തിൽ നിർബന്ധിതനായി ഹദ്റത്ത് ഉസ്മാൻ അവരുടെ ആവശ്യങ്ങൾ അനുവദിച്ചാൽ എന്നവർ കരുതി. എന്നാൽ തന്നെ അല്ലാഹു അണിയിച്ച മേലങ്കി ഞാൻ ഒരിക്കലും ഊരിവയ്ക്കില്ലെന്ന് അദ്ദേഹം വ്യക്തമാക്കിയിരുന്നു. എന്തായാലും മദീനയുടെ വ്യവസ്ഥിതി അവരുടെ കീഴിലായിരുന്നു. അവരെല്ലാവരും ചേർന്ന് ഈജിപ്ത് സൈന്യാധിപനായ ഗാഫ്ഖിയെ തങ്ങളുടെ നേതാവായി അവരോധിച്ചിരുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഇതിൽ നിന്നും ഈ ഫിത്നയുടെ മൂലകാരണം അബ്ദുല്ലാഹ് ബിൻ സബാ പ്രവർത്തനനിരതനായിരുന്ന ഈജിപ്തിലെ വിഭാഗമായിരുന്നെന്ന് ഒരിക്കൽക്കൂടി തെളിഞ്ഞിരിക്കുന്നു. അങ്ങനെ മദീന സമാധാനഗേഹം എന്നതിനു പകരം രണാങ്കണമായി മാറി. മദീന വാസികളുടെ അന്തസ്സും അഭിമാനവും അപകടത്തിലായി. ആരും തന്നെ വീടുകളിൽ നിന്നും ആയുധമേന്താതെ പുറത്തിറങ്ങിയിരുന്നില്ല. ഇക്കൂട്ടർ തങ്ങളുമായി ഏറ്റുമുട്ടുന്നവരെ വധിച്ചു കളയുമായിരുന്നു. അക്കൂട്ടർ ഹദ്റത്ത് ഉസ്മാനെ ഉപരോധിക്കുകയും വെള്ളം പോലും മുടക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് ഉസ്മാൻ തന്റെ അയൽവാസിയായ ഒരു പയ്യനെ ഹദ്റത്ത് അലി, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബൈർ അതുപോലെ വിശ്വാസികളുടെ മാതാക്കൾ എന്നി വരുടെ പക്കലേക്ക് അയച്ചു. ഇക്കൂട്ടർ നമുക്ക് വെള്ളം പോലും നിഷേധിച്ചിരിക്കുന്നു. നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ പറ്റുമെങ്കിൽ ചെയ്യണം. നമുക്ക് വെള്ളം എത്തിക്കണമെന്ന് സന്ദേശമയച്ചു. പുരുഷന്മാരിൽ വച്ച് ഏറ്റവുമാദ്യം ഹദ്റത്ത് അലി വന്ന് അവരോട് അവർ എന്താണ് ചെയ്തു കൂട്ടുന്നതെന്നും അവരുടെ പ്രവർത്തനങ്ങൾ വിശ്വാസികളുമായോ അവിശ്വാസികളുമായോ സാമ്യമില്ലാത്തതാണെന്നും റോമക്കാരും പേർഷ്യക്കാരും വീട്ടുതടങ്കലിലാക്കാറുണ്ടെങ്കിലും അവർ ഭക്ഷണപാനീയങ്ങൾ തടയാറില്ലെന്നും പറഞ്ഞു. ഇസ്ലാമികരീതി അനുസരിച്ച് നിങ്ങളുടെ പ്രവർത്തനങ്ങൾ ഒരിക്കലും അനുവദനീയമല്ല. ഹദ്റത്ത് ഉസ്മാനെ തടവിലാക്കുകയും വധിക്കുകയും ചെയ്യുന്നത് അനുവദനീയമാണെന്ന് കരുതാൻ മാത്രം അദ്ദേഹം നിങ്ങൾക്ക് എന്ത് നഷ്ടമാണ് വരുത്തി വച്ചത്. ഹദ്റത്ത് അലിയുടെ ഈ ഉപദേശങ്ങൾ അവരിൽ യാതൊരു ഫലവുമുളവാക്കിയില്ല. എന്തു തന്നെ സംഭവിച്ചാലും ഈ വ്യക്തിക്ക് അന്നപാനങ്ങൾ എത്താൻ ഞങ്ങൾ അനുവദിക്കില്ലെന്ന് അവർ വ്യക്തമാക്കി. തങ്ങൾ റസൂലുല്ലാഹ്(സ)യുടെ അനന്തരാവകാശിയും യഥാർഥ പിന്തുടർച്ചാവകാശിയുമായി കരുതുന്ന ഒരു വ്യക്തിക്ക് അവർ നല്കിയ മറുപടിയാണിത്.

ഇക്കൂട്ടർ സൗമ്യമായി പെരുമാറിയാൽ അംഗീകരിക്കില്ലെന്ന് ഹദ്റത്ത് ഉസ്മാൻ മനസ്സിലാക്കിയപ്പോൾ അദ്ദേഹം എല്ലാ

സ്റ്റേറ്റുകളിലെയും ഗവർണർമാർക്ക് ഒരു കത്തയച്ചു. അതിന്റെ ചുരുക്കമിതാണ്, ഞാൻ ആശിച്ചോ, ആവശ്യപ്പെട്ടോ അല്ലാതെ തന്നെ ഖിലാഫത്തിനെ കുറിച്ചുള്ള കൂടിയാലോചന സമിതിയിൽ ഹദ്റത്ത് അബൂബക്കറിനും ഹദ്റത്ത് ഉമറിനും ശേഷം എന്നെയും ഉൾപ്പെടുത്തിയതാണ്. എന്റെ താല്പര്യമോ അഭിപ്രായമോ കൂടാതെ എന്നെ ഖലീഫയുമാക്കിയതാണ്. ഞാൻ മുൻ ഖലീഫമാർ ചെയ്തു പോന്നിരുന്ന കാര്യങ്ങൾ തന്നെ തുടർന്നു. സ്വന്തമായി ഒരു ബിദ്അത്തും ഞാൻ തുടങ്ങിയില്ല. എന്നാൽ ചിലരുടെ ഹൃദയങ്ങളിൽ തിന്മയുടെ വിത്തു വിതയ്ക്കപ്പെടുകയും അവർക്ക് ഉപദ്രവബുദ്ധി ഉണ്ടാകുകയും അവർ എനിക്കെതിരെ പദ്ധതികളിടുകയും മനസ്സിൽ വേറെ ഉദ്ദേശ്യങ്ങൾ വച്ചുകൊണ്ട് ജനസമക്ഷം മറ്റു ചില കാര്യങ്ങൾ വയ്ക്കുകയും മറ്റു ഖലീഫമാർക്കെതിരെയുണ്ടായ പോലെ എനിക്കു മേലും ആക്ഷേപങ്ങൾ ഉന്നയിക്കുകയും ചെയ്യാൻ ആരംഭിച്ചു. എല്ലാമറിഞ്ഞിട്ടും ഞാൻ മൗനം പാലിച്ചു. ഇവർ എന്റെ കാരുണ്യത്തെ ദുരുപയോഗം ചെയ്തുകൊണ്ട് ദ്രോഹപ്രവർത്തനങ്ങളിൽ കൂടുതൽ അഭിവൃദ്ധിപ്പെട്ടു. അവസാനം അവിശ്വാസികളെ പോലെ മദീനയെയും ആക്രമിച്ചു. ജനങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ സഹായം ചെയ്യാനുള്ള സംവിധാനം ഒരുക്കുക. തുടർന്ന് ഹജ്ജിന് വരുന്നവരുടെ പേരിൽ വേറൊരു കത്ത് എഴുതുകയും കുറച്ചു നാളുകൾക്കു ശേഷം അതു മക്കയിലേക്ക് അയക്കുകയും ചെയ്തു. അതിന്റെ ചുരുക്കമിതാണ്: ഞാൻ അല്ലാഹുവിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്, അവന്റെ അനുഗ്രഹങ്ങളെക്കുറിച്ച് ഓർമിപ്പിക്കുകയാണ്. ഇപ്പോൾ കുറച്ചു പേർ ഫിത്നയുണ്ടാക്കുന്നുണ്ട്. ഇസ്ലാമിൽ ഭിന്നിപ്പുണ്ടാക്കാനുള്ള യത്നങ്ങളിൽ മുഴുകിയിരിക്കുന്നുണ്ട്. എന്നാൽ ഖലീഫയെ നിയമിക്കുന്നത് അല്ലാഹുവാണെന്ന കാര്യംപോലും അവർ ചിന്തിച്ചില്ല. അല്ലാഹു പറയുന്നു:

وَعَدَ اللَّهُ الَّذِينَ آمَنُوا مِنكُمْ وَعَمِلُوا
الصَّالِحَاتِ لَيَسْتَخْلِفَنَّهُم فِي الْأَرْضِ

അതായത് നിങ്ങളിൽ വിശ്വസിക്കുകയും സൽകർമ്മങ്ങൾ യഥോചിതം അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവരെ ഭൂമിയിൽ ഖലീഫയാക്കുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. തുടർന്ന് പറഞ്ഞു: ഇവർ ഐക്യതയെ വിലമതിക്കുന്നില്ല. അല്ലാഹു കല്പിക്കുന്നത്;

وَاعْتَصِمُواْ بِحَبْلِ اللَّهِ جَمِيعًا

അതായത് നിങ്ങളെല്ലാവരും ദൈവത്തിന്റെ പാശത്തെ മുറുകെ പിടിക്കുകയാണെന്നാണ്. എനിക്കുമേൽ ആരോപണങ്ങൾ ഉന്നയിക്കുന്നവർ പറയുന്നത് അംഗീകരിക്കുകയും വിശുദ്ധ ഖുർആനിലെ ഇനി പറയാൻ പോകുന്ന കല്പനയെ മാനിക്കാതിരിക്കുകയും ചെയ്യുന്നു.

يَا أَيُّهَا الَّذِينَ آمَنُوا إِن جَاءَكُمْ فَاسِقٌ بِنَبَإٍ فَتَبَيَّنُوا

അതായത് നിങ്ങളുടെ പക്കൽ ഒരു അധർമ്മി സുപ്രധാനമായ ഒരു വാർത്ത കൊണ്ടുവന്നാൽ നിങ്ങൾ അതിനെ കുറിച്ച് നന്നായി അന്വേഷിച്ചറിയുക. തുടർന്ന് പറഞ്ഞു: എന്നോട് ചെയ്ത ബയ്അത്തിനോട് മര്യാദ പുലർത്തുന്നില്ല. എന്നാൽ അല്ലാഹു അവന്റെ റസൂലിനെ കുറിച്ച് പറയുന്നത്,

إِنَّ الَّذِينَ يُبَايِعُونَكَ إِنَّمَا يُبَايِعُونَ اللَّهَ

അതായത് നിന്നെ ബയ്അത്ത് ചെയ്യുന്നവർ യഥാർഥത്തിൽ അല്ലാഹുവിനെയാണ് ബയ്അത്ത് ചെയ്യുന്നത്. പറഞ്ഞു: ഞാൻ റസൂലുല്ലാഹ്(സ)യുടെ പ്രതിനിധിയാണ്. അതാ യത് അതുകൊണ്ട് ഈ കല്പന എന്റെ കാര്യത്തിലും ബാധകമാണ്. ഒരു സമുദായവും നേതാവിനെ കൂടാതെ പുരോഗമിക്കുന്നതല്ല. ഈ ഇമാമില്ലെങ്കിൽ ജമാഅത്തിന്റെ എല്ലാ കാര്യങ്ങളും നശിച്ചൊടുങ്ങുന്നതാണ്. ഇക്കൂട്ടർ മുസ്ലിം സമുദായത്തെ നശിപ്പിക്കാനാഗ്രഹിക്കുന്നു. അത ല്ലാതെ അവരൊന്നും ഉദ്ദേശിക്കുന്നില്ല. കാരണം ഞാൻ അവർ പറയുന്നത് അംഗീകരിച്ചതും ഗവർണർമാരെ മാറ്റു മെന്ന് വാക്കു കൊടുത്തതുമാണ്. എന്നിട്ടും അവർ ദ്രോഹ ങ്ങൾ ഉപേക്ഷിച്ചില്ല. ഇക്കൂട്ടർ മൂന്നു കാര്യങ്ങളിൽ ഒന്ന് അംഗീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. എന്റെ ഭരണത്തിൽ ശിക്ഷ ലഭിച്ചവർക്കെല്ലാം ഞാൻ പരിഹാരക്രിയ ചെയ്യണം. അങ്ങനെ ചെയ്യില്ലെങ്കിൽ ഞാൻ ഖിലാഫത്ത് ഉപേക്ഷിക്കണം. എന്റെ സ്ഥാനത്ത് ഇവർ മറ്റാരെയെങ്കിലും നിശ്ചയിക്കുന്നതാണ്. അതും സമ്മതിച്ചില്ലെങ്കിൽ ഇവർ തങ്ങളോട് സമാനചിന്താഗതി വച്ചു പുലർത്തുന്ന എല്ലാവർക്കും എന്റെ അനുസരണത്തിൽ നിന്നും പുറത്തു കടക്കാനായി സന്ദേശമയക്കുമെന്ന് ഭീഷണിപ്പെടുത്തുന്നു.

ഒന്നാമത്തെ കാര്യത്തിനുള്ള മറുപടിയിതാണ്. എനിക്ക് മുമ്പും ഖലീഫമാർക്ക് തീരുമാനങ്ങളിൽ പിഴവ് സംഭവിച്ചിട്ടുണ്ട്. എന്നാൽ അവർക്കൊന്നും ശിക്ഷ ലഭിച്ചിട്ടില്ല. അതിനർഥം നിങ്ങൾ എന്നെ വധിക്കാൻ ആഗ്രഹിക്കുന്നു എന്നതാണ്.

തുടർന്ന് പറഞ്ഞു: ഖിലാഫത്തിൽ നിന്നും സ്ഥാനഭ്രഷ്ടനാകുന്നതിനെ കുറിച്ചുള്ള മറുപടിയാണിത്. ഇവർ എന്നെ പിച്ചിച്ചീന്തി ഇറച്ചിക്കഷണങ്ങളാക്കി മാറ്റുന്നത് എനിക്ക് സമ്മതമാണ്. എന്നാലും ഞാൻ ഖിലാഫത്തിൽ നിന്ന് വേർപ്പെടുന്നതല്ല. മൂന്നാമത്തെ കാര്യം, ഇവർ സ്വന്തം ആളുകളെ നാലു ഭാഗത്തേക്കും അയച്ച് ഞാൻ പറയുന്നത് അനുസരിക്കാതിരിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചാൽ അതിനു ദൈവസമക്ഷം ഞാൻ ഉത്തരവാദിയല്ല. ആരാണോ തന്റെ പ്രതിജ്ഞ ലംഘിക്കുന്നത് അയാളുടെ ആ പ്രവൃത്തിയിൽ എനിക്കും തൃപ്തിയില്ല. അല്ലാഹു അത് ഇഷ്ടപ്പെടുന്നില്ല. ഹജ്ജിന്റെ നാളുകൾ അടുത്തിരുന്നു. നാലു ദിക്കുകളിൽ നിന്നും ആളുകൾ മക്കയിൽ ഒത്തു കൂടുന്നുണ്ടായിരുന്നു. അതുകൊണ്ട് ഹദ്റത്ത് ഉസ്മാൻ, മക്കയിലും ഈ പ്രക്ഷോഭകാരികൾവല്ല കുഴപ്പവും സൃഷ്ടിക്കാതിരിക്കാനും മദീനക്കാരെ സഹായിക്കാൻ മക്കകാരോട് ആഹ്വാനം ചെയ്യാനും വേണ്ടി അബ്ദുല്ലാഹ് ബിൻ അബ്ബാസിനെ ഹജ്ജിന്റെ അമീറായി നിശ്ചയിച്ചു യാത്രയാക്കി. ഈ കത്തുകളെ കുറിച്ച് കലാപകാരികൾ അറിഞ്ഞപ്പോൾ അവർ കൂടുതൽ പ്രയാസമുണ്ടാക്കാൻ തുടങ്ങി. എങ്ങനെയെങ്കിലും യുദ്ധം ഉണ്ടാക്കി ഹദ്റത്ത് ഉസ്മാനെ ശഹീദാക്കാനുള്ള അവസരം ലഭിക്കാനായി അവർ കാരണങ്ങൾ അന്വേഷിച്ചു നടന്നു. എന്നാൽ അവരുടെ പ്രയത്നങ്ങളെല്ലാം വൃഥാവിലായി. ഹദ്റത്ത് ഉസ്മാൻ പ്രശ്നങ്ങൾ ഉണ്ടാക്കാൻ അവർക്ക് ഒരു അവസരവും നല്കിയില്ല. അവസാനം ഗത്യന്തരമില്ലാതെ അവർ രാത്രി എല്ലാവരും ഉറങ്ങി കഴിഞ്ഞാൽ ഹദ്റത്ത് ഉസ്മാന്റെ വീടിന് കല്ലെറിയണമെന്നും പദ്ധതിയിട്ടു. അങ്ങനെ വീട്ടുകാർ പ്രകോപിതരാ

കുകയും തിരിച്ച് കല്ലെറിയാൻ നിർബന്ധിതരാകുകയും ചെയ്യുമെന്നും അപ്പോൾ ഞങ്ങളെ ഇവർ അക്രമിക്കുന്നത് കണ്ടില്ലേ അതുകൊണ്ട് ഞങ്ങൾ ഇവർക്ക് മറുപടി നല്കാൻ നിർബന്ധിതരാണെന്നുപറയാൻ തങ്ങൾക്ക് അവസരം ലഭിക്കുന്നതാണെന്നും കരുതി. എന്നാൽ ഹദ്റത്ത് ഉസ്മാൻ എല്ലാവരോടും യാതൊരു പ്രതികരണവും നടത്തരുതെന്ന് കണിശമായി വിലക്കി. സ്വഹാബാക്കൾക്ക് ഹദ്റത്ത് ഉസ്മാന്റെ അടുത്ത് ഒത്തുകൂടാനുള്ള അവസരം നിഷേധിക്കപ്പെട്ടിരുന്നിട്ടും അവർ തങ്ങളുടെ കടമകളിൽ അലംഭാവം കാണിച്ചില്ല. സന്ദർഭോചിതമായി അവർ തങ്ങളുടെ പ്രവർത്തനങ്ങളെ രണ്ടു ഭാഗമായി തിരിച്ചിരുന്നു. വൃദ്ധരായ സ്വഹാബാക്കൾ ജനങ്ങളിൽ അവരുടെ പ്രഭാവം കൂടുതലായതിനാൽ സാധാരണക്കാരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നതിനായി തങ്ങളുടെ സമയം ചെലവഴിച്ചിരുന്നു. അത്തരത്തിൽ സമൂഹത്തിൽ വലിയ സ്വാധീനമില്ലാത്തവരും യുവാക്കളും ഹദ്റത്ത് ഉസ്മാനെ സംരക്ഷിക്കാനായി കിണഞ്ഞു പരിശ്രമിച്ചിരുന്നു. ആ സമയത്ത് ഇസ്ലാമിന്റെ സംരക്ഷണത്തിനും ഇസ്‌ലാമിന്റെ നിലനില്പിനും ഓരോരോ സ്വഹാബികളുടെയും ആവശ്യമുണ്ടാകുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അദ്ദേഹത്തെ രക്ഷിക്കാനുള്ള വിഫലമായ പരിശ്രമത്തിനിടയിൽ സ്വഹാബാക്കൾ ജീവൻ വെടിയരുതെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഇവരുമായി ഏറ്റുമുട്ടരുതെന്നായിരുന്നു അദ്ദേഹം എല്ലാവരെയും ഉപദേശിച്ചിരുന്നത്. സാധ്യമാകുന്നത്ര ഭാവിയിലെ ഫിത്നകൾ ദൂരീകരിക്കാനായി സ്വഹാബാക്കളുടെ സംഘം സുരക്ഷിതമാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. എന്നാൽ അവസാനം ആ ദിവസവും വന്നെത്തി. ഹദ്റത്ത് ഉസ്മാനെ ആക്രമിക്കുന്നതിന് അവർക്ക് ലഭിച്ച ന്യായീകരണമിതായിരുന്നു. ഹജ്ജ് വേളയിൽ ഒത്തുകൂടുന്ന മുസ്ലീങ്ങൾക്കായി ഹദ്റത്ത് ഉസ്മാൻ അയച്ച ഹൃദയം പ്രകമ്പനം കൊള്ളുന്ന സന്ദേശം ഹാജികളുടെ സംഘത്തിന് മുമ്പാകെ വായിച്ചു കേൾപ്പിക്കപ്പെട്ടു. മക്കാ താഴ്വാരത്തിന്റെ ഒരെറ്റം മുതൽ മറ്റേയറ്റം വരെ അതിന്റെ ശബ്ദം പ്രതിധ്വനിച്ചു. ഹജ്ജിന് ഒരുമിച്ചു കൂടിയ മുസ്ലീങ്ങൾ തീരുമാനിച്ചുറച്ചു. ഹജ്ജിനു ശേഷം അവർ ജിഹാദിന്റെ പ്രതിഫലത്തിൽ നിന്നും ഒരിക്കലും ഹതഭാഗ്യരാകുന്നതല്ല. ഈജിപ്തുകാരായ കലാപകാരികളെയും അവരുടെ കൂട്ടാളികളെയും ഉന്മൂലനം ചെയ്യാതെ അടങ്ങുന്നതല്ല. കലാപകാരികളുടെ ചാരന്മാർ അവരെ ഇക്കാര്യം അറിയിച്ചതും അവരുടെ തമ്പുകളിൽ വെപ്രാളം പടർന്നുപിടിച്ചു. അവരുടെ ഇടയിൽ ചർച്ചകൾ നടന്നു. ഇനി ഇദ്ദേഹത്തെ വധിക്കാതെ നിർവാഹമില്ല. അല്ലാത്തപക്ഷം മുസ്ലീങ്ങളുടെ കൈകളാൽ നമ്മൾ വധിക്കപ്പെടുമെന്ന കാര്യം നിസംശയമാണ്. അവസാനം അവർ ഹദ്റത്ത് ഉസ്മാനെ വധിക്കാനായി അദ്ദേഹത്തിന്റെ വീട് ആക്രമിക്കുകയും ബലപ്രയോഗത്താൽ വീട്ടിൽ പ്രവേശിക്കാൻ ശ്രമിക്കുകയും ചെയ്തു. സ്വഹാബാക്കൾ അവരെ നേരിട്ടു. കൊടും യുദ്ധം നടന്നു. ഹദ്റത്ത് ഉസ്മാന് ഈ യുദ്ധത്തെ കുറിച്ച് അറിവ് ലഭിച്ചപ്പോൾ സ്വഹാബാക്കളെ യുദ്ധം ചെയ്യുന്നതിൽ നിന്നും പിന്തിരിപ്പിച്ചു. എന്നാൽ ആ സമയത്ത് ഉസ്മാനെ ഏകനായി ഉപേക്ഷിക്കുന്നത് വിശ്വസ്തതയ്ക്ക് വിരുദ്ധവും അനുസരണ കാണിക്കുന്നത് കല്പനയ്ക്ക് എതിരുമായി അവർ കരുതി. അവസാനം ഹദ്റത്ത് ഉസ്മാൻ അല്ലാഹുവിൽ സ്വഹാബാക്കളെ തന്റെ വീടിനകത്തേക്ക് കൊണ്ടുപോയി. എന്നിട്ട് കതകുകൾ അടപ്പിച്ചു. എന്നിട്ട് സ്വഹാബാക്കളോടും അവരുടെ സഹായികളോടുംപരലോകത്തിനുള്ള സംവിധാനങ്ങൾ സ്വരുക്കൂട്ടാൻ ഒസ്യത്ത് ചെയ്തു: അതിനുശേഷം അദ്ദേഹം പറഞ്ഞു: എന്റെ അടുത്തേക്ക് വരാൻ അനുവദിക്കപ്പെടാത്തവരെ വിളിക്കുക. എല്ലാ സ്വഹാബാക്കളും ഒരുമിച്ചുകൂടി. അപ്പോൾ അദ്ദേഹം മതിലിൽ കയറിക്കൊണ്ട് പറഞ്ഞു: എല്ലാവരും അടുത്തേക്ക് വരിക. എല്ലാവരും അടുത്തു വന്നപ്പോൾ അദ്ദേഹം പറഞ്ഞു: എല്ലാവരും ഇരിക്കുക. അപ്പോൾ സ്വഹാബാക്കൾ മാത്രമല്ല, കലാപകാരികളും പ്രഭാവിതരായി ഇരുന്നു. തുടർന്ന് അദ്ദേഹം പറഞ്ഞു: അല്ലയോ മദീനാവാസികളേ! നിങ്ങളെ ഞാൻ അല്ലാഹുവിനെ ഏല്പിക്കുന്നു. അവൻ എനിക്കു ശേഷം നിങ്ങൾക്കുവേണ്ടി ഖിലാഫത്തിന്റെ ശ്രേഷ്ഠമായ സംവിധാനം ഒരുക്കട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു. ഇന്നുമുതൽ അല്ലാഹു എന്നെക്കുറിച്ച് എന്തെങ്കിലും തീരുമാനമെടുക്കുന്നത് വരെ ഞാൻ പുറത്തു വരില്ല. നിങ്ങൾക്കു മേൽ ലൗകിക കാര്യത്തിലോ, മതകാര്യത്തിലോ അധികാരം നടത്താനായി ഞാൻ ആരെയും ചുമതലപ്പെടുത്തുന്നതുമല്ല. അക്കാര്യം ഞാൻ അല്ലാഹുവിന് വിടുന്നതാണ്. അവൻ അവന്റെ ജോലികൾക്കായി ആരെ വേണമെങ്കിലും തെരഞ്ഞെടുത്തു കൊള്ളട്ടെ. തുടർന്ന് സഹാബാക്കളോടും മദീനാവാസികളോടും ആണയിട്ടു പറഞ്ഞു: നിങ്ങൾ എന്നെ രക്ഷിക്കാനായി നിങ്ങളുടെ ജീവനെ അപകടത്തിലാക്കരുത്. സ്വന്തം വീടുകളിലേക്ക് എല്ലാവരും തിരികെ പോകണം. ഈ ഗണത്തിൽ മുതിർന്ന സ്വഹാബാക്കളെല്ലാവരും ഉണ്ടായിരുന്നു. ഹദ്റത്ത് അലി, ഹദ്റത്ത് തൽഹ, ഹദ്റത്ത് സുബൈർ എന്നിവരുടെ മക്കൾ അവരുടെ പിതാക്കളുടെ നിർദേശപ്രകാരം ഹദ്റത്ത് ഉസ്മാന്റെ പടിവാതിൽക്കൽ തന്നെ തമ്പടിച്ചു. തങ്ങളുടെ വാളുകൾ ഉറയിലേക്ക് തിരിച്ചിട്ടുമില്ല.

ഹുസൂർ പാകിസ്ഥാനിലെയും അൽജീരിയയിലെയും അഹ്മദികൾക്ക് വേണ്ടി ദുആക്ക് അപേക്ഷിച്ചു. നമസ്കാരശേഷം ചിലപരേതരെ അനുസ്മരിക്കുകയും തുടർന്ന് അവരുടെ ജനാസ ഗായിബ് നമസ്കരിപ്പിക്കുകയും ചെയ്യുകയുണ്ടായി.

അതിൽ ആദ്യത്തെ ജനാസ ബഹുമാനപ്പെട്ട മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ് നായിബ് നാസിർ ദഅ്വത്തെ ഇലല്ലാഹ് സൗത്ത് ഇന്ത്യയുടേതായിരുന്നു. ഹുസൂർ പറഞ്ഞു, അദ്ദേഹം കേരളത്തിലെ എറണാകുളം ജില്ലയിലെ കാക്കനാട് ജമാഅത്തിലെ മർഹൂം മാസ്റ്റർ ബിഎം മുഹമ്മദ് സാഹിബിന്റെ മകനാണ്. ഫെബ്രുവരി 14ന് അദ്ദേഹം വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. ഹൃദയാഘാതമായിരുന്നു മരണകാരണം. അദ്ദേഹം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ മൂന്ന് ആൺമക്കളുണ്ട്. മൂവരും വഖ്ഫെ നൗ എന്ന അനുഗൃഹീത പദ്ധതിയിൽ അംഗങ്ങളാണ്. ഒരു മകൻ ജാമിയ അഹ്മദിയ്യായിൽ പഠിക്കുകയാണ്. മർഹൂം ജന്മനാ അഹ്മദിയായിരുന്നില്ല. മറിച്ച് മർഹൂമിന് തന്റെ പിതാവ് മുഖേനയാണ് ജമാഅത്തിനെക്കുറിച്ച് അറിയാനിടയായത്. ശേഷം അദ്ദേഹം ജമാഅത്തിന്റെ പുസ്തകങ്ങൾ; പ്രത്യേകിച്ച് ഇസ്ലാം മത തത്ത്വജ്ഞാനം വായിക്കാൻ തുടങ്ങി. ഒരുനാൾ പിതാവിനോട് ചോദിച്ചു;

ഒരു കുട്ടിക്ക് എത്രാമത്തെ വയസ്സിലാണ് സ്വന്തം തീരുമാനമെടുക്കാൻ സാധിക്കുക? പിതാവ് പറഞ്ഞു: 17, 18 വയസ്സിൽ സ്വന്തം തീരുമാനമെടുക്കാനാകും. ശേഷം മർഹൂം മൗലാനാ മുഹമ്മദ് അലവി സാഹിബ് മുഖേന ബയ്അത്ത് ചെയ്ത് ജമാഅത്തിൽ അംഗമായി. ബയ്അത്തിനെ സംബന്ധിച്ച് മൗലാനാ അലവി സാഹിബ് പറയുമായിരുന്നു, ഞാൻ ഒരു സ്വപ്നം കാണുകയുണ്ടായി. ഒരുപാട് നക്ഷത്രങ്ങൾ എന്റെ അടുത്തേക്ക് വരുന്നു. അതിൽ ഒരു ചെറു നക്ഷത്രം വളരെ വേഗതയിൽ എന്റെ അടുത്തേക്ക് വരുന്നുണ്ടായിരുന്നു. ആ ചെറിയ നക്ഷത്രം മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബാണെന്നു അദ്ദേഹം പറയാറുണ്ടായിരുന്നു. എന്തായാലും അദ്ദേഹം ആ വീട്ടിലെ ആദ്യമായി ബയ്അത്ത് ചെയ്ത വ്യക്തിയാണ്. അദ്ദേഹത്തിന്റെ പിതാവിന് ജമാഅത്തിനെക്കുറിച്ച് അറിയാമായിരുന്നെങ്കിലും ബയ്അത്ത് ചെയ്തിരുന്നില്ല. തുടർന്ന് മർഹൂമിന്റെ പരിശ്രമഫലമായി മാതാവും സഹോദരങ്ങളും പിതാവും ബയ്അത്തു ചെയ്തു. ബയ്അത്തിനുശേഷം മർഹൂം ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ജാമിയ അഹ്മദിയ്യയിൽ പ്രവേശനം നേടി. വഖ്ഫെ സിന്ദഗിയായി ജമാഅത്തിനെ സേവിക്കാൻ തീരുമാനമെടുത്തു. ഖാദിയാനിലെ പഠനം പൂർത്തിയാക്കിയ ശേഷം ഇന്ത്യയിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു. ആദ്യം ചണ്ഡീഗഢിലും തുടർന്ന് പലയിടങ്ങളിലും മുബല്ലിഗായി സേവനമനുഷ്ഠിച്ചു. പിന്നീട് ഞാൻ അദ്ദേഹത്തെ നായിബ് നാസിർ ദഅ്വത്തെ ഇലല്ലാഹ് സൗത്ത് ഇന്ത്യയാക്കി നിയമിച്ചു. അതുപോലെ നായിബ് ഇൻ ചാർജ് നൂറുൽ ഇസ്‌ലാമിലും തബ്‌ലീഗ് പ്രവർത്തനങ്ങൾ നല്ലവണ്ണം നിർവഹിക്കുകയുണ്ടായി. നമസ്കാര വ്രതാദികൾ കൃത്യമായി അനുഷ്ഠിക്കുന്ന, അതുപോലെ തഹജ്ജുദ് നമസ്കരിക്കുകയും ഖിലാഫത്തുമായി സത്യസന്ധമായ ബന്ധം പുലർത്തുകയുംചെയ്യുന്ന വ്യക്തിയായിരുന്നു. വിശ്വസ്തതയും യഥാർഥ സ്നേഹവും ആത്മാർഥതയും വച്ചുപുലർത്തുന്ന വ്യക്തിയായിരുന്നു. എല്ലാ ജോലികളും ആത്മാർഥമായും ഗൗരവത്തോടെയും മുറപ്രകാരവും സമയനിഷ്ഠമായും ചെയ്തിരുന്നു. ജോലികൾ കാര്യഗൗരവത്തോടും സമയബന്ധിതമായും ചെയ്യുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. ആരാധനാ കൃത്യങ്ങളിൽ നല്ല ശ്രദ്ധ പുലർത്തിയിരുന്നു. വീട്ടുകാരെയും ഇതേക്കുറിച്ച് ഉണർത്തുമായിരുന്നു. സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്ന കാര്യത്തിലും പ്രത്യേകമായി ഭാഗഭാക്കാകുമായിരുന്നു. നൂറുൽ ഇസ്‌ലാമിന്റെ ഇൻചാർജായ ശിറാസ് സാഹിബ് എഴുതുന്നു: സ്ഥിരമായി ബയ്ത്തുദുആയിൽ പോയി ദുആ ചെയ്യുമായിരുന്നു. വളരെ മാന്യദേഹമായിരുന്നു. ദീനി സേവനത്തിനുള്ള അടങ്ങാത്ത അഭിനിവേശമുണ്ടായിരുന്നു. കാലത്തിന്റെ ഖലീഫയുടെ തർബിയത്തും തബ്‌ലീഗും സംബന്ധിച്ച ടാർജറ്റുകൾ പൂർത്തിയാക്കുന്നതിൽ വ്യഗ്രത കാണിച്ചിരുന്നു. ജമാഅത്തിന്റെ പുസ്തകങ്ങൾ മലയാള ഭാഷയിൽ തർജ്ജമ ചെയ്യാനും തർജ്ജുമ നടന്ന പുസ്തകങ്ങൾ റിവ്യൂ ചെയ്യാനും സംശോധന നടത്താനും തൗഫീഖ് ലഭിച്ചു. നാസിർ നശ്റോ ഇശാഅത്ത് ഖാദിയാൻ മർഹൂമിന്റെ ഈ സേവനങ്ങളെ കുറിച്ച് എഴുതുന്നു: മർഹൂമിന് അൽ വസിയ്യത്ത്, തജല്ലിയാത്തെ ഇലാഹിയ, ഇർഫാനെ ഇലാഹി, ഖായിദ യസ്സർനൽ ഖുർആൻ, അതുപോലെ തഹ്‌രീക്ക് ജദീദ് സംബന്ധമായ എന്റെ ഖുത്ബകൾ എന്നിവ തർജ്ജമ ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. അതുപോലെ തഫ്സീർ സഗീറിന്റെ മലയാള പരിഭാഷയുടെ റീപ്രിന്റിംഗിന്റെ സമയത്ത് അത് പരിശോധിക്കാനും അദ്ദേഹത്തിനു തൗഫീഖ് ലഭിച്ചു. നിസാബെ തഅ്‌ലീം എന്ന പേരിൽ മൂന്നു ഭാഗങ്ങളായി ഇദ്ദേഹം മലയാളത്തിൽ പുസ്തകവും തയ്യാറാക്കിയിട്ടുണ്ട്. 2013 മുതൽ 2016 വരെ സദർ റിവ്യൂ കമ്മിറ്റി കേരളയായി സേവനമനുഷ്ഠിക്കാനുള്ള സൗഭാഗ്യവും സിദ്ധിച്ചു. കേരളത്തിലെ എറണാകുളം ജില്ലാ അമീർ അബൂബക്കർ സാഹിബ് എഴുതുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിവർത്തനം ചെയ്തു ജനങ്ങളിലെത്തിക്കാൻ അദ്ദേഹത്തിന് ഉൽക്കടമായ അഭിവാഞ്ഛയായിരുന്നു. അതുപോലെ ദുർബലമായ വിശ്വാസമുള്ളവരെ ഈമാനിൽ സ്ഥൈര്യം വരിക്കുന്ന നിലവാരത്തിലെത്തിക്കാനും അവരിൽ സ്ഥിരചിത്തതയുണ്ടാക്കാനും സദാ യത്നിച്ചിരുന്നു. അല്ലാഹു മർഹൂമിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 05.03.2021

Malayalam Translation: **P.K.Amnas** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516